(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിലുള്ള അപേക്ഷകളിൽ 737 അപേക്ഷകൾക്കാണ് റീ ഇംബേഴ്സ്മെന്റ് നൽകാനുള്ളത്.

(ഡി) ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലും രോഗിയുടെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്ക് കോപ്പിയും ഡിസ്ചാർജ്ജ് സമ്മറിയും, രോഗി മരണപ്പെട്ട സാഹചര്യത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, അഫിഡവിറ്റ് എന്നിവ റീഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിക്കുന്ന മുറയ്ക്ക് പൂർണ്ണമല്ലാത്ത അപേക്ഷകളെ സംബന്ധിച്ച് അപേക്ഷകനെ അറിയിക്കുകയും പൂർണ്ണമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം വളരെയധികം അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കേണ്ടതുണ്ട്. അതുപോലെ ആശുപത്രികളിൽനിന്നും റീഫണ്ട് തുക ലഭിക്കാനുമുണ്ട്. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുകൊണ്ടാണ് റീഇംബേഴ്സ്മെന്റ് തുക അനുവദിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്.

(ഇ) ആവശ്യമായ രേഖകൾ ലഭിച്ചാൽ ഉടൻതന്നെ തുക മടക്കി നൽകുന്നതാണ്.

സംസ്ഥാന വാർഷിക പദ്ധതി അടങ്കൽ തുകയും ചെലവഴിക്കലും

142 (114) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്ര കോടി ആയിരുന്നു; വിവിധ വകുപ്പുകൾ ഓരോന്നിനും നിശ്ചയിക്കപ്പെട്ട അടങ്കൽ എത്ര ;

(ബി) വാർഷിക പദ്ധതി ഓരോ ക്വാർട്ടറിലും എത്ര ശതമാനം വീതം ചെലവഴിക്കേണ്ടതായിട്ടുണ്ട് ; ഇത് സംബന്ധമായ തീരുമാനം എന്തായിരുന്നു ;

(സി) വാർഷിക പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ആദ്യ ക്വാർട്ടറിൽ ചെലവഴിച്ചു; രണ്ടാം ക്വാർട്ടറിൽ ചെലവഴിച്ചത് എത്ര ശതമാനം, മൂന്നാം ക്വാർട്ടറിൽ ചെലവഴിച്ചത് എത്ര ശതമാനം, 2015 ജനുവരി 31- ന്റെ കണക്കുകൾ പ്രകാരം മൊത്തം അടങ്കലിന്റെ എത്ര ശതമാനം വീതം ചെലവഴിച്ചു

(ഡി) ഓരോ വകുപ്പ് തിരിച്ച് അതിന്റെ അടങ്കൽ തുകയും അടങ്കലിന്റെ എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16-ലെ സംസ്ഥാന വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക 20000 കോടി രൂപയായിരുന്നു. വിവിധ വകുപ്പുകളുടെ അടങ്കൽ തുക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വാർഷിക പദ്ധതി ഓരോ ക്വാർട്ടറിലും ചെലവഴിക്കേണ്ടതിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു:

പാദം	ശതമാനം
ഒന്ന്	10%
രണ്ട്	20%
മൂന്ന്	30%
നാല്	40%

(സി) വാർഷിക പദ്ധതി അടങ്കലിന്റെ വിവിധ ക്വാർട്ടറുകളിൽ ചെലവഴിച്ച ശതമാനത്തിന്റെ വിശദ വിവരങ്ങൾ താഴെചേർക്കുന്നു:

പാദം	ശതമാനം
ഒന്ന്	5%
രണ്ട്	23%
മൂന്ന്	4%
നാല്	55%

(പ്രൊവിഷണൽ)

(ഡി) ഓരോ വകുപ്പ് തിരിച്ച് അതിന്റെ അടങ്കൽ തുകയും അടങ്കലിന്റെ എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്നുമുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.